**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1633** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഔഷധ സസ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഔഷധ സസ്യകൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; കർഷകർ ഉല്പ്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങളും അനുബന്ധ വസ്തുവകകളും ന്യായവിലയക്ക് സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | (എ) | ഉണ്ട്. കൃഷി വകുപ്പ് മുഖേന 2021-22 വർഷം നടപ്പിലാക്കി വരുന്ന ഔഷധ സസ്യകൃഷി പദ്ധതിയുടെ ഭാഗമായി ഔഷധ സസ്യകൃഷി വികസനത്തിന് 50 ലക്ഷം രൂപ വകയിരുത്തുകയും പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ 20 ഹെക്ടർ സ്ഥലത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഔഷധസസ്യകൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറിന് 1.25 ലക്ഷം രൂപ പ്രകാരം 25 ലക്ഷം രൂപയും സർക്കാർ,പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഔഷധ സസ്യകൃഷിക്കായി ഹെക്ടറിന് 50,000 രൂപ പ്രകാരം 5 ലക്ഷം രൂപയും കൃഷി വകുപ്പ് ഫാമുകളിൽ ഔഷധ സസ്യങ്ങളുടെ ലക്ഷം നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി 15 ലക്ഷം രൂപയും രണ്ട് പ്രാഥമിക പ്രോസസ്സിംഗ് യൂണിറ്റുകൾക്കുള്ള സഹായധനമായി 5 ലക്ഷം രൂപയും വകക്കൊള്ളിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു. മേൽ പദ്ധതികളുടെ ഭാഗമായി ഔഷധസസ്യകൃഷി വ്യാപകമായി നടത്തുന്ന ജില്ലകളിൽ കർഷകർ ഉത്പ്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങളും അനുബന്ധ വസ്തുക്കളും സംഭരിക്കുന്നതിനായി ആയുർവേദ ഔഷധ നിർമ്മാതാക്കളുമായി കൃഷി ആരംഭിക്കുന്നതിനു മുമ്പ് തന്നെ കരാറിൽ ഏർപ്പെടുകയും സംഭരണം നടത്തുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാന ഔഷധ സസ്യബോർഡ് മുഖേന, നാഷണൽ ആയുഷ് മിഷന്റേയും ദേശീയ ഔഷധ സസ്യബോർഡിന്റേയും സാമ്പത്തിക സഹായത്തോടെ 2021-2022 സാമ്പത്തിക വർഷം കർഷകർ, കർഷക സംഘങ്ങൾ, സർക്കാർ ഫാമുകൾ തുടങ്ങിയവരിലൂടെ സംസ്ഥാനത്ത് 527 ഹെക്ടർ സ്ഥലത്ത് ഔഷധ സസ്യ കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ദേശീയ ഔഷധ സസ്യബോർഡ് അംഗീകരിച്ചിട്ടുള്ള 21 ഓളം |

| | | | |
|---|---|---|---|
| | | | ഔഷധ സസ്യങ്ങൾക്കാണ് നിലവിൽ സബ്സിഡി നൽകുന്നത്. സബ്സിഡി തുക 30% മുതൽ 75% വരെയാണ്. ആടലോടകം, നെല്ലി, അശോകം, കൂവളം, ചെത്തിക്കൊടുവേലി, കുമിഴ്, ആര്യവേപ്പ്, കിരിയാത്ത, തിപ്പലി, ഓരില, ശതാവരി, കാട്ടുപനിച്ചൂർക്ക, വേങ്ങ, ചന്ദനം, കറ്റാർവാഴ, കച്ചോലം, രക്തചന്ദനം, കോലിഞ്ചി. ചിറ്റരത്ത, നീർമരുത് തുടങ്ങിയ ഔഷധ സസ്യങ്ങൾക്കാണ് സബ്സിഡി അനുവദിക്കുന്നത്. വിപുലമായ രീതിയിൽ ഔഷധ കൃഷി ചെയ്തു വരുന്ന കർഷക സംഘങ്ങൾക്ക് (മറ്റത്തൂർ ലേബർ സൊസൈറ്റി) അവർ ഉൽപ്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾക്ക് മുൻകൂർ വില നിശ്ചയിച്ചുകൊണ്ട് ആയുർവേദ നിർമ്മാണ കമ്പനികളുമായി ധാരണാപത്രങ്ങളും ഒപ്പുവച്ചിട്ടുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ സംഭരിക്കുന്നതിനും അർദ്ധ സംസ്കരണം നടത്തുന്നതിനും ഉണക്കിസൂക്ഷിക്കുന്നതിനുമായി തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി ജില്ലകളിലായി സംസ്ഥാനത്ത് മൂന്ന് സംഭരണ ശാലകളും മൂന്ന് ഉണക്ക് പുരകളും 2 ശേഖരണ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് വേണ്ട സാമ്പത്തിക സഹായം സംസ്ഥാന ഔഷധ സസ്യ ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ